**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 522** **23-07-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുട്ടനാട്ടിലെ കുടിവെള്ള ലഭ്യത കുറവ് പരിഹരിക്കുന്നതിന് നടപ്പാക്കുന്ന സമഗ്ര കുടിവെള്ള പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശം ലഭ്യമാക്കുമോ ; | (എ) | കുട്ടനാട് താലൂക്കിൽ പെട്ട 13 പഞ്ചായത്തുകളായ തലവടി, എടത്വാ, തകഴി, മുട്ടാർ, നെടുമുടി, രാമങ്കരി, ചമ്പക്കുളം നീലംപേരൂർ, കാവാലം, പുളിങ്കുന്ന്, കൈനകരി, വെളിയനാട്, വീയപുരം എന്നിവയ്ക്കു വേണ്ടി കിഫ്ബി ധനസഹായത്തോടു കൂടിയുള്ള സമഗ്ര കുടിവെള്ള പദ്ധതിക്ക് 25/06/2019- ൽ 289.54 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പമ്പാ നദി സ്രോതസ്സ് ആയുള്ള ഈ പദ്ധതിയ്ക്ക് നീരേറ്റുപുറത്ത് 30 ദശലക്ഷം പ്രതിദിന ഉത്പാദനക്ഷമതയുള്ള ജലശുദ്ധീകരണ ശാലയും 13 ഉന്നതതല ജല സംഭരണികളും 46.02 കിലോ മീറ്റർ ട്രാൻസ്മിഷൻ മെയിനും, 895 കിലോ മീറ്റർ വിതരണ ശൃംഖലയുമാണ് ഘടകങ്ങളായുള്ളത്. ഇതിൽ ജലശുദ്ധീകരണ ശാലയുടെ നിർമ്മാണത്തിനായി തലവടി പഞ്ചായത്തിലെ നീരേറ്റുപുറത്ത് 125 സെൻറ് സ്ഥലവും, ഉന്നതതല ജലസംഭരണികളുടെ നിർമ്മാണത്തിനായി വെളിയനാട് പഞ്ചായത്തിൽ 20 സെൻറ് സ്ഥലവും, പുളിങ്കുന്ന് പഞ്ചായത്തിൽ 20 സെൻറ് സ്ഥലവും 2021 ഡിസംബർ മാസത്തോടെ ലഭ്യമാകും എന്ന് പ്രതീക്ഷിക്കുന്നു. ആയത് ലഭ്യമായാൽ 2023 ഡിസംബർ മാസത്തോടെ പണികൾ പൂർത്തീകരിച്ച് പദ്ധതി കമ്മീഷൻ ചെയ്യാവുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ഈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാൻ ചെയ്തു വരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (ബി) | കിഫ്ബി ധനസഹായത്തോടു കൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി ഒരു പ്രത്യേക പ്രോജക്ട് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 11.09.2020 ൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയെ 6 പാക്കേജുകളായി തിരിച്ച് സാങ്കേതിക അനുമതിയ്ക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റുകളുടെ പരിശോധനകൾ നടന്നു വരുന്നു. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭിച്ചാലും പദ്ധതിയുടെ ഭാഗമായുള്ള ജലശുദ്ധീകരണ ശാല, ഉന്നതതല ജലസംഭരണികൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം വിവിധ പഞ്ചായത്തുകളിൽ നിന്ന് വിട്ടുകിട്ടുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കൂ. ഇവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ തുടർ പ്രവർത്തികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിനായി ബഹു. കുട്ടനാട് എം.എൽ.എ, ജില്ലാ കളക്ടർ, കിഫ്ബി ഉദ്യോഗസ്ഥർ, കേരള വാട്ടർ അതോറിറ്റിയിലെ ഉന്നതതല ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത യോഗങ്ങൾ നടന്നുവരുന്നു. സ്ഥലം എറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്താൻ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രണ്ടാഴ്ച്ച കൂടുമ്പോൾ യോഗങ്ങൾ നടത്തിവരുന്നു. |
| (സി) | ഈ പദ്ധതി വേഗത്തിൽ നടപ്പാക്കാൻ എന്തെല്ലാം അടിയന്തര നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | കിഫ്ബി ധനസഹായത്തോടു കൂടി കേരള വാട്ടർ അതോറിറ്റി, ആലപ്പുഴ ജില്ലയിൽ നടപ്പാക്കുന്ന ശുദ്ധജല വിതരണ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനു വേണ്ടി ഒരു പ്രത്യേക പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ യൂണിറ്റ് 11.09.2020 ൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കുട്ടനാട് ശുദ്ധജല വിതരണ പദ്ധതിയെ 6 പാക്കേജുകളായി തിരിച്ച് സാങ്കേതിക അനുമതിയ്ക്കായി എസ്റ്റിമേറ്റുകൾ തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റുകളുടെ പരിശോധനകൾ നടന്നു വരുന്നു. പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭിച്ചാലും പദ്ധതിയുടെ ഭാഗമായുള്ള ജലശുദ്ധീകരണ ശാല, ഉന്നതതല ജലസംഭരണികൾ എന്നിവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം വിവിധ പഞ്ചായത്തുകളിൽ നിന്ന് വിട്ടുകിട്ടുന്ന മുറയ്ക്ക് മാത്രമേ ടെണ്ടർ നടപടികൾ സ്വീകരിക്കാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കൂ. ഇവയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി തഹസിൽദാർ, കിഫ്ബി, കായംകുളത്തിനെ ലാന്റ് അക്വിസിഷൻ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കൽ തുടർ പ്രവർത്തികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതി വേഗത്തിൽ നടപ്പാക്കുന്നതിനായി ബഹു. കുട്ടനാട് എം.എൽ.എ, ജില്ലാ കളക്ടർ, കിഫ്ബി ഉദ്യോഗസ്ഥർ, കേരള വാട്ടർ അതോറിറ്റിയിലെ ഉന്നതതല ഉദ്യോഗസ്ഥർ എന്നിവരുടെ സംയുക്ത യോഗങ്ങൾ |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നു. സ്ഥലം ഏറ്റെടുക്കുന്ന നടപടികളുടെ പുരോഗതി വിലയിരുത്താൻ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ രണ്ടാഴ്ച്ച കൂടുമ്പോൾ യോഗങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ